**പട്ടിക 1.3.1.: ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിവരങ്ങൾ**

| ജില്ല | എറണാകുളം | |
|---|---|---|
| താലൂക്ക് | കണയന്നൂർ | |
| വില്ലേജ് | ഇടപ്പള്ളി നോർത്ത് | |
| സർവെ നമ്പർ | 81 | 82 |
| വിവരണം | നിലം | പുരയിടം |
| വിസ്തീർണ്ണം (ഹെക്ടർ) | 0.0590 | 0.0201 |
| **ആകെ വിസ്തീർണ്ണം** | **0.0791 ഹെക്ടർ** | |

**പട്ടിക 1.3.2. ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ ഉടമകൾ (വില്ലേജ് രേഖ പ്രകാരം)**

| *ഭൂവുടമകളുടെ പേരും വിലാസവും* | *സർവ്വെ നമ്പർ* | *ഭൂവുടമകളുടെ പേരും വിലാസവും* | *സർവ്വെ നമ്പർ* |
|---|---|---|---|
| 1. ജയ്സൺ എം.ഒ, മാളിയേക്കൽ ചെറ്റക്ക, വെള്ളിക്കുളം റോഡ്, ചാലക്കുടി ഫോൺ: 7909111501 | 82 | 3. ജെൻസൻ ബേബി, മേലൂട്ട് പുത്തൻ വീട്ടിൽ, കടമ്പനാട്ട് നോർത്ത് ഐവർകാല വെസ്റ്റ് വില്ലേജ്, കൊല്ലം | 81 |
| 2. ജോസ് ബേബി, മേലൂട്ട് പുത്തൻ വീട്ടിൽ, പുത്തനമ്പലം പി.ഒ, പിൻ 690 532 | 81 | 4. മനോജ് മാത്യു മമതയിൽ, തേവക്കൽ പി.ഒ, മൈനാകപള്ളി വില്ലേജ്, കൊല്ലം | 81 |

ഇടപ്പള്ളി നോർത്ത് വില്ലേജ് ഓഫീസിലെ രേഖകൾ പ്രകാരം ബ്ലോക്ക് നമ്പർ 126 ൽ 81, 82 സർവ്വെ നമ്പരുകളിലുള്ള ഭൂമിയുടെ ഉടമകളുടെ പേരും വിലാസവുമാണ് മുകളിൽ നൽകിയിരിക്കുന്നത്. ടി ഭൂവുടമകളിൽ സർവെ നമ്പർ 82 ൻെറ ഉടമയെ മാത്രമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റിന് ബന്ധപ്പെടുവാൻ സാധിച്ചി ട്ടുള്ളത്. വില്ലേജ് ഓഫീസിൽ നിന്നും ലഭിച്ച വിലാസത്തിൽ സർവെ നമ്പർ 81 ൻെറ ഉടമകൾക്ക് രജിസ്റ്റേർഡ് തപാലിൽ കത്ത് അയച്ചു എങ്കിലും "വിലാസക്കാരൻ ഇന്ത്യയിൽ നിന്നും പുറത്തുപോയി" എന്ന വിശദീകരണവുമായി കത്ത് കൈപ്പറ്റാതെ തിരികെ ലഭിക്കുകയാണ് ഉണ്ടായിട്ടുള്ളത്.

പദ്ധതി പ്രദേശം സന്ദർശിക്കുകയും, പദ്ധതി ബാധിതമാകുന്ന വസ്തുവകകൾ നിരീക്ഷിക്കുകയും, തുടർന്ന്  പദ്ധതി ബാധിത ഭൂമിയുടെ ഉടമയിൽനിന്ന് (82 സർവെ നമ്പരിലുള്ള ഭൂവുടമ, 81 സർവ്വെ നമ്പരിലുള്ള ഭുവുടമകളെ കണ്ടെത്തുന്നതിന് സാധിച്ചിട്ടില്ല.) പഠനത്തിന് വേണ്ടി തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് 15.07.2024 തീയതിയിൽ അഭിമുഖം നടത്തി വിവരങ്ങൾ ശേഖരിച്ചു. ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചുമുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു. പദ്ധതി മൂലം പൊതുസമൂഹത്തിനുണ്ടാകാനിടയുള്ള പ്രത്യാഘാതങ്ങളെകുറിച്ചുള്ള അധിക വിവരശേഖരണത്തിൻെറ ഭാഗമായി കൊച്ചി കോർപ്പറേഷൻ മേയറുടെ കാര്യാലയം സന്ദർശിച്ച് മേയറുമായി കൂടിക്കാഴ്ച നടത്തി. കൂടാതെ, പദ്ധതി പ്രദേശം ഉൾപ്പെടുന്ന ഡിവിഷൻ 35  ൻെറ കൗൺസിലറെ ടെലിഫോണിൽ ബന്ധപ്പെട്ട് സംസാരിച്ചു. തുടർന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ തയ്യാറാക്കി അത് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. (ഏജൻസിയുടെ വെബ്സൈറ്റിൽ, കൊച്ചി കോർപ്പറേഷൻ ഓഫീസ്, ഇടപ്പള്ളി നോർത്ത് വില്ലേജ് ഓഫീസ്, കണയന്നൂർ താലൂക്ക് ഓഫീസ് എന്നിവിടങ്ങളിൽ നൽകുകയും ചെയ്തു),

പഠനത്തിൻെറ അടുത്ത ഘട്ടമായി, പദ്ധതി ബാധിത ഭൂവുടമക്ക് (സർവ്വെ നമ്പർ 82) നോട്ടിസ് നൽകിയും, 2 ദിനപത്രങ്ങളിൽ പരസ്യപ്പെടുത്തിക്കൊണ്ടും, തേവര-പേരണ്ടൂർ കനാൽ (ഗ്രീൻ മെഡോസ് റോഡ്) വെറ്റ് വെൽ ഉൾപ്പെടെ കൊച്ചി കോർപ്പറേഷൻ പരിധിയിൽ നടപ്പിലാക്കുന്ന 5 വെറ്റ് വെൽ നിർമ്മാണ പദ്ധതികളുടേയും ഭൂമി ഏറ്റെടുക്കലിൻെറ ഭാഗമായുള്ള പബ്ലിക് ഹിയറിങ്ങ് 10.10.2024 തീയതിയിൽ പാലാരിവട്ടത്തുള്ള ജനകീയ വായനശാല ഹാളിൽ സംയുക്തമായി നടത്തി. മേൽപ്പറഞ്ഞ അഞ്ച് വെറ്റ് വെൽ പദ്ധതികൾക്കും വേണ്ടി ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ ഉടമകൾ പദ്ധതിപ്രദേശത്ത് താമസിക്കുന്നില്ല എന്നതിനാൽ, അവർക്ക് എത്തിച്ചേരുന്നതിനുള്ള സൗകര്യം കൂടി പരിഗണിച്ചുകൊണ്ടാണ് കൊച്ചി കോർപ്പറേഷൻ പരിധിയിൽ തന്നെയുള്ള ജനകീയ വായനശാല പബ്ലിക് ഹിയറിങ്ങുകൾക്കുള്ള വേദിയായി തെരഞ്ഞെടുത്തത്. പ്രദേശത്തെ കൗൺസിലറുമായി സംസാരിച്ചതിൽ നിന്നും, പദ്ധതിയെക്കുറിച്ച് അദ്ദേഹത്തിന് അറിവില്ലെന്നും, ജനങ്ങൾക്ക് പദ്ധതിയെക്കുറിച്ച് വലുതായ ആശങ്കയുള്ളതിനാൽ അത് ദൂരീകരിക്കേണ്ടതുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടതിൻെറ അടിസ്ഥാനത്തിൽ, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഭാഗമായി നടത്തിയ പബ്ലിക് ഹിയറിങ്ങിൽ

| | |
|---|---|
| ഭൂവുടമയ്ക്ക് പബ്ലിക് ഹിയറിങ്ങിൻെറ അറിയിപ്പ് നൽകൽ | 23/09/2024 |
| പബ്ലിക് ഹിയറിങ്ങിൻെറ അറിയിപ്പ് 2 ദിനപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തൽ | 25/09/2024 |
| കൊച്ചി കോർപ്പറേഷൻ മേയർക്കും ജനപ്രതിനിധിക്കും പബ്ലിക് ഹിയറിങ്ങിൻെറ അറിയിപ്പ് നൽകൽ | 27/09/2024 |
| റെസിഡൻഷ്യൽ അസോസിയേഷൻ പ്രതിനിധികൾക്ക് ടെലഫോണിൽ പബ്ലിക് ഹിയറിങ്ങിനെക്കുറിച്ച് അറിയിപ്പ് നൽകൽ | 29/9/2024 |
| പബ്ലിക് ഹിയറിങ്ങ് | 10/10/2024 |
| പബ്ലിക് ഹിയറിങ്ങിൽ പങ്ക് വെക്കപ്പെട്ട ആശങ്കകൾക്ക് അർത്ഥനാധികാരിയിൽ നിന്ന് ഉത്തരം നേടൽ | 01/11/2024 |

### *പബ്ലിക് ഹിയറിങ്ങ്*

തേവര–പേരണ്ടൂർ കനാൽ (ഗ്രീൻ മെഡോസ് റോഡ്) വെറ്റ് വെൽ പമ്പിംഗ് സ്റ്റേഷൻ നിർമ്മാണത്തിനായി കണയന്നൂർ താലൂക്കിലെ ഇടപ്പള്ളി നോർത്ത് വില്ലേജിൽ നിന്ന് ഏകദേശം 0.0791 ഹെക്ടർ ഭൂമി, ന്യായമായ നഷ്ടപരിഹാരത്തിനും പുനഃരധിവാസ ത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിന്, ടി നിയമത്തിൻെറ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തിയതിൻെറ ഭാഗമായി, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപ നത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ചട്ടം 14 അനുശാസിക്കുന്ന പ്രകാരം 10/10/2024 തീയതി രാവിലെ 10.30 ന് പാലാരിവട്ടം ആലിൻചുവട് ജംഗ്ഷനിലുള്ള ജനകീയ വായനശാല ഹാളിൽ വച്ച് പബ്ലിക് ഹിയറിംഗ് സംഘടിപ്പിച്ചു.

ശ്രീമതി. മീന കുരുവിള, കൺസൾട്ടൻറ്, എസ്.ഐ.എ യൂണിറ്റ്, പബ്ലിക് ഹിയറിങ്ങിൻെറ ഉദ്ദേശ്യത്തെക്കുറിച്ച് വിവരിക്കുകയും, ശ്രീമതി മരിയ ടെൻസി, റിസേർച്ച് അസോസിയേറ്റ്, സാമൂഹ്യ പ്രത്യാഘാത പഠനത്തിൻെറ കരട് രേഖ അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് പദ്ധതി പ്രദേശം ഉൾക്കൊള്ളുന്ന കൊച്ചി കോർപ്പറേഷൻ ഡിവിഷൻ 35 കൗൺസിലർ ശ്രീ.പയസ് ജോസഫ് സംസാരിച്ചു. പദ്ധതിയെക്കുറിച്ച് തനിക്ക് ധാരണ ഇല്ലെന്നും, ജനങ്ങൾക്ക് പദ്ധതിയെക്കുറിച്ച് വിവരങ്ങൾ നൽകി, അവരെ വിശ്വാസത്തിലെടുത്ത് വേണം പദ്ധതി നടപ്പിലാക്കാൻ എന്നും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഒന്നാണെങ്കിൽ ടി പദ്ധതിയെ ജനപ്രതിനിധി എന്ന നിലയിൽ അംഗീകരിക്കാൻ കഴിയില്ല എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. മനക്കപറമ്പ് റെസിഡൻസ് അസോസിയേഷൻ ഭാരവാഹികളും തങ്ങളുടെ ആശങ്കകൾ പങ്ക് വെച്ചു. പദ്ധതി നിലവിൽ നിശ്ചയിക്കപ്പെട്ട ജനവാസ

കേന്ദ്രമായ പ്രദേശത്ത് നിന്ന് മാറ്റി ജനവാസമില്ലാത്ത മേഖലയിൽ നടപ്പിലാക്കണം എന്നും ടി പ്രദേശത്ത് പദ്ധതി നിർമ്മാണം നടത്തിയാൽ പ്രദേശവാസികൾ നിയമപരമായി നേരിടും എന്നും റെസിഡെൻഷ്യൽ അസോസിയേഷൻ ഭാരവാഹികൾ വെളിപ്പെടുത്തി.

തുടർന്ന് സംസാരിച്ച ശ്രീ. പത്മദാസ്, കൗൺസിലർ ഡിവിഷൻ 47 പദ്ധതി കൊച്ചി നഗരത്തിന് ആവശ്യമാണ് പക്ഷെ പദ്ധതിക്ക് വേണ്ടി ജനസാന്ദ്രതയുള്ള പ്രദേശങ്ങൾ ഒഴിവാക്കി ബദൽ മാർഗങ്ങൾ നിർദേശിക്കുന്നതിന് ജനപ്രതിനിധികളുടെയും ജനങ്ങളുടെയും അഭിപ്രായം ആരായണം എന്ന് അഭിപ്രായപ്പെട്ടു. പബ്ലിക് ഹിയറിങ്ങിൽ സന്നിഹിതനായിരുന്ന ശ്രീ.എൽദോ തോമസ്, DGM, KMRL പദ്ധതിയുടെ സാങ്കേതിക വശങ്ങൾ വിശദീകരിച്ചുകൊണ്ട് പദ്ധതിയുമായി ബന്ധപ്പെട്ട ആശങ്കകൾ ദുരീകരിക്കാൻ ശ്രമിച്ചു. ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ (സർവെനമ്പർ 82/126) ഉടമയായ ശ്രീ.എം.ഒ.ജെയ്സൺ പബ്ലിക് ഹിയറിങ്ങിൽ സന്നിഹിതനായിരുന്നു. ശ്രീമതി.മഞ്ജുഷ (സ്പെഷ്യൽ തഹസിൽ ദാർ, എൽ.എ.നമ്പർ 1), ശ്രീമതി. ജെസി അഗസ്റ്റ്യൻ (സ്പെഷ്യൽ തഹസിൽദാർ, എൽ.എ.നമ്പർ 2), ശ്രീമതി. ഷൈനി ചെറിയാൻ (വാല്യുവേഷൻ അസിസ്റ്റൻറ്), ശ്രീ.മോഹൻദാസ് പിള്ള (കെ.എം.ആർ.എൽ) എന്നിവരും പബ്ലിക് ഹിയറിങ്ങിൽ സന്നിഹിതരായിരുന്നു. ശ്രീ.ബിജു സി.പി. (ഡെവലപ്പ്മെൻറ് ഓഫീസർ, എസ്.ഐ.എ. യൂണിറ്റ്) പബ്ലിക് ഹിയറിങ്ങിൽ പങ്കെടുത്തവർക്ക് സ്വാഗതവും, ശ്രീ.വിനയൻ വി.എസ്. (റിസേർച്ച് അസോസിയേറ്റ്, എസ്.ഐ.എ.യൂണിറ്റ്) നന്ദിയും പറഞ്ഞു.

<u>**പബ്ലിക് ഹിയറിങ്ങ് – ഫോട്ടോഗ്രാഫ്സ്**</u>



| | | |
|---|---|---|
| | ഖാന്തം എതിർക്കും. പദ്ധതി നടപ്പിലാക്കുവാൻ ഒരു കാര ണവശാലും അനുവദിക്കുക യില്ല എന്ന് അറിയിക്കുന്നു. | കളെയും പ്രദേശവാസിക ളെയും ഉൾപ്പെടുത്തിയുള്ള ഒരു ബോധവൽക്കരണ ക്യാമ്പ് ഉടൻ നടത്തുന്നതായിരിക്കും. |
| ശ്രീ. പി.കെ. ജോസ്, പ്രസിഡൻറ്, മനക്കപറമ്പ് റെസിഡൻസ് അ സോസിയേഷൻ | പദ്ധതിക്ക് വേണ്ടി സമർപ്പി ച്ചിട്ടുള്ള റിപ്പോർട്ട് അംഗീകരി ക്കുവാൻ കഴിയില്ല. തോടിന് സമീപം താമസിക്കുന്നവർക്കും തോട്ടിൽ മീൻ പിടിച്ച് ഉപജീ വനം നടത്തുന്നവർക്കും തോട്ടിലേക്ക് മലിന ജലം ഒഴുക്കുന്നതുകൊണ്ട് ബുദ്ധി മുട്ട് ഉണ്ടാകുമോ എന്ന് അന്വേഷിക്കണം. മലിന ജലം ഒഴുകിയെത്തുന്നതു കൊണ്ടു ള്ള ബുദ്ധിമുട്ടുകൾ ഏതെങ്കി ലും സാങ്കേതിക വിദഗ്ദ്ധർ പഠിച്ചിട്ടുണ്ടോ? പദ്ധതിക്ക് മുന്നോടിയായി ഏതെങ്കിലും സീവേജ് പ്ലാൻറിൻെറ പ്രവർ ത്തനങ്ങൾ മനസിലാ ക്കിയിട്ടുണ്ടോ ? പദ്ധതിക്ക് വേ ണ്ടി ജനവാസ മേഖല ഒഴിവാക്കി മറ്റൊരു സ്ഥലം ഉണ്ടോ എന്ന് എന്തുകൊണ്ട് പരിശോധിച്ചില്ല? പദ്ധതിക്ക് വേണ്ടി ടി സ്ഥലം എങ്ങിനെ യാണ് കണ്ടുപിടിച്ചത്? പരിസര പ്രദേശത്ത് താമസി ക്കുന്നവർക്ക് ഉണ്ടാകുവാ നിടയുള്ള ആരോഗ്യപ്രശ്ന ങ്ങളെക്കുറിച്ച് ആരോഗ്യ വിദ ഗ്ദ്ധരോട് അഭിപ്രായം ആരാ ഞ്ഞിട്ടുണ്ടോ? റെസിഡൻ ഷ്യൽ ഏരിയകളിൽ റെഡ് ക്യാറ്റഗറിയിൽ പെട്ട വെറ്റ് വെൽ പമ്പിങ്ങ് സ്റ്റേഷൻ പോലുള്ള പദ്ധതികൾ നടപ്പി ലാക്കരുതെന്ന് നിരവധി നിയമ ങ്ങളുണ്ട്. വെള്ളത്തിൻെറ ഗ്രാവിറ്റി അറിയാവുന്ന എത്ര സാങ്കേതിക വിദഗ്ദ്ധർ പഠന സംഘത്തിൽ ഉണ്ട്. ഏത് മാർഗം ഉപയോഗിച്ചാണ് | ഉന്നയിച്ചിരിക്കുന്ന ആശങ്ക വസ്തുതാ പരമായി സത്യമല്ല. കാരണമെന്തെ ന്നാൽ, കൊച്ചി നഗരത്തിലും പരി സര പ്രദേശങ്ങളിലും സ്ഥിതി ചെ യ്യുന്ന എല്ലാ വീടുകളിൽ നിന്നുമുള്ള ശുചിമുറി മാലിന്യം ശേഖരിച്ച് അതാ ത് പ്ലാൻറിൽ സംസ്കരണം ചെയ്യുന്ന തിന് വേണ്ടി വിഭാവന ചെയ്തിരിക്കു ന്നതാണ് പ്രസ്തുത പദ്ധതി. ആയതു കൊണ്ട് തോടിനു സമീപം താമസി ക്കുന്നവർക്കും മീൻ പിടിച്ച് ഉപജീ വനം നടത്തുന്നവർക്കും ഈ പദ്ധതി നടപ്പിലാകുന്നതോടുകൂടി സാമൂഹി കവും ആരോഗ്യകരവുമായ ഉന്നമനമാണ് ഉണ്ടാകുന്നത്. കൂടാ തെ പ്രസ്തുത സ്ഥലത്തിന് 2 കിലോ മീറ്റർ ചുറ്റളവിലുള്ള പ്രദേശത്തെ വീടുകളിലെ മാലിന്യമാണ് വെറ്റ് വെല്ലിൽ ശേഖരിക്കുന്നത്. വെറ്റ് വെൽ റെഡ് ക്യാറ്റഗറിയിൽ പെട്ട താണെന്നത് വസ്തുതാപരമല്ല. കൊച്ചി കോർപ്പറേഷൻെറയും സമീപത്തുമുള്ള മറ്റു മുനിസി പ്പാലിറ്റികളുടെയും ഭൂതല ത്തിൻെറ നിരപ്പ് അറിയുന്ന തിന് വേണ്ടി ടോപ്പോഗ്രാഫി ക്കൽ സർവെ നടത്തിയതാ ണ്. നമ്മുടെ രാജ്യത്ത് മാലിന്യ സംസ്കരണ മേഖല യിൽ ഏറ്റവും വൈദഗ്ദ്ധ്യം ഉള്ള ചില ഏജൻസികളാണ് – നാഷണൽ റിവർ കൺസർ വേഷൻ ഡയറക്ടറേറ്റ് (NRCD), പൊല്യൂഷൻ കണ്ട്രോൾ |

| | | |
|---|---|---|
| | വെള്ളത്തിൻെറ ഗ്രാവിറ്റി അള ന്നത്? മറ്റ് സ്ഥലങ്ങൾ തെര ഞ്ഞെടുക്കാതെ ജനവാസ മേഖല തന്നെ പദ്ധതിക്കായി തെരഞ്ഞെടുത്തത് എന്തി നാണ്? ഇതരമാർഗം പരിശോ ധിക്കാതിരുന്നത് എന്തുകൊ ണ്ടാണ്? ആരോഗ്യത്തോടെ ജീവിക്കു ന്നതിന് ഇന്ത്യൻ ഭര ണഘടന നൽകുന്ന അവ കാശത്തിൽ ഒരു കൈ കടത്ത ലായേ ഈ പദ്ധതിയെ കാണുവാൻ കഴി യൂ. വെറ്റ് വെൽ പമ്പിങ്ങിൻെറ സാങ്കേതികതയെക്കുറിച്ചോ പ്രവർത്തനത്തെക്കുറിച്ചോ എന്തു കൊണ്ടാണ് ജനങ്ങൾ ക്ക് വിശദീകരിച്ചു കൊടുക്കാ തിരുന്നത്. ഇവിടെയുണ്ടാകുന്ന ഗന്ധം, ഗ്യാസ് എന്നിവ മാനേജ് ചെയ്യുന്നത് എങ്ങി നെയാണ്. ജനങ്ങളെ ബുദ്ധി മുട്ടിലാക്കുന്ന ഈ പദ്ധതി ജനവാസ മേഖലയിൽ നടപ്പി ലാക്കിയാൽ നിയമപരമയി നേരിടും. | ബോർഡ് (PCB), IIT- മ ദ്രാസ്, എൻവയോൺമെൻറ് പ്രൊട്ട ക്ഷൻ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (EPTRI), കേരള വാട്ടർ അതോറിറ്റി (KWA) മുതലായവ. പ്രസ്തുത പദ്ധ തിയുടെ വിശദമായ രൂപരേഖ മേൽ പറഞ്ഞ ഏജൻസിഅൾ വിശദമായ പഠനത്തിന ശേഷം അംഗീകരിച്ചതാണ്. പ്രസ്തുത വെൽ നിർമ്മിക്കാൻ കണ്ടെ ത്തിയത് ഏറ്റവും അനു യോജ്യമായ സ്ഥലത്താണ്. പദ്ധതി യെക്കുറിച്ച് വ്യക്തമായ ഒരു അവബോധം ലഭിക്കുന്ന തിനായി ജന പ്രതിനിധിക ളെയും പ്രദേശവാസികളെയും ഉൾപ്പെടുത്തിയുള്ള ഒരു ബോധ വൽക്കരണ ക്യാമ്പ് ഉടൻ നടത്തുന്നതായിരിക്കും. |
| നിതീഷ് ദേവരാജ്: | വെള്ളം ഗ്രാവിറ്റിക്ക് അനു സൃതമായി ഒഴുകുന്നതിനു ള്ള പൈപ്പ് ലൈനിൻെറ രേഖ എങ്ങിനെയാണ്. പദ്ധതിക്ക് അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടുപിടിച്ച്, ജനങ്ങൾക്ക് ഉപദ്രവ മാകാത്ത രീതിയിൽ പദ്ധതി നടപ്പിലാ ക്കണം | പ്രസ്തുത സ്ഥലം ഏറ്റെടു ക്കുന്നത് മുട്ടാറിൽ നിർമ്മി ക്കാൻ ഉദ്ദേശിക്കുന്ന മലിന ജല സംസ്കരണ പ്ലാൻറിൻെറ ഭാഗമായി വരുന്ന വെറ്റ് വെൽ സ്ഥാപിക്കുന്നതിന് വേണ്ടി യാണ്. കൊച്ചി കോർപ്പറേഷന് കീഴിലുള്ള 10 ഡിവിഷനുക ളിലും കളമശേരി മുനിസി പ്പാലിറ്റിയുടെ കീഴിലുള്ള 8 ഡിവിഷനുകളിലും സ്ഥിതി ചെയ്യുന്ന വീടുകളിൽ നിന്നു മുള്ള ശുചിമുറി മാലിന്യം പ്രസ്തുത പ്ലാൻറിലേക്ക് എത്തി ക്കുന്നത് ഏകദേശം 108 കിലോമീറ്റർ നീളം വരുന്ന പൈപ്പുകൾ വഴിയാണ്. ഭൂപ്രകൃതിയുടെ നിലവിലെ |

### 5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ/ആദിവാസി കുടുംബങ്ങൾ

അത്തരം കുടുംബങ്ങൾ പദ്ധതിപ്രദേശത്തില്ല

### 5.3. പൊതുവിഭവങ്ങൾ ആഘാത ബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

പൊതുവിഭവങ്ങൾ പദ്ധതിപ്രദേശത്തില്ല

### 5.4. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

അത്തരം കുടുംബങ്ങൾ പദ്ധതിപ്രദേശത്തില്ല

### 5.5. മൂന്ന് (3) വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

ഏറ്റെടുക്കപ്പെടുന്ന നഗര പ്രദേശം നിർമ്മിതികളില്ലാത്ത ഒഴിഞ്ഞ സ്ഥലമാണ്. കുടുംബങ്ങളൊന്നും തന്നെ താമസിക്കുന്നില്ല.

### 5.6. മൂന്ന് (3) വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

പദ്ധതി പ്രദേശത്തെ ആശ്രയിച്ച് ജീവിക്കുന്ന കുടുംബങ്ങളില്ല.

#### 5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

പദ്ധതി പ്രദേശം സന്ദർശിച്ചതിൻെറയും പദ്ധതിയുടെ അർത്ഥനാധികാരിയുമായും, മറ്റ് തൽപ്പര കക്ഷികളുമായി സംസാരിച്ചതിൻെറയും അടിസ്ഥാനത്തിൽ നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ പദ്ധതിക്ക് പരോക്ഷ ആഘാതബാധിതരില്ല എന്നാണ് പഠന സംഘത്തിന് മനസ്സിലാക്കാൻ സാധിച്ചത്. എങ്കിലും പദ്ധതി നിലവിൽ വരുമ്പോൾ, സമീപ പ്രദേശത്ത് വസിക്കുന്ന ജനങ്ങൾക്കും, പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും കുടിവെള്ളവുമായി ബന്ധപ്പെട്ടും മറ്റു പല വിധത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാവാൻ സാധ്യതയുള്ളതിനാൽ തങ്ങളെയും പരോക്ഷ ആഘാത ബാധിതരായി കണക്കാക്കണമെന്ന് പബ്ലിക് ഹിയറിങ്ങിൽ പങ്കെടുത്ത ചില സമീപ വാസികൾ അറിയിച്ചു.

#### 5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

പദ്ധതിപ്രദേശം തരിശ് കിടക്കുന്ന ഭൂമിയാണ്

# അദ്ധ്യായം 6

# സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

പദ്ധതിപ്രദേശത്തിൻെറ സാമൂഹിക-സാമ്പത്തിക പശ്ചാത്തലവും, പ്രദേശത്തെ സാംസ്കാരിക, സാമൂഹ്യസംഘടനകൾ മുതലായവ പദ്ധതിബാധിതമാകുന്നുണ്ടെങ്കിൽ പ്രസ്തുത വിവരങ്ങളും ഈ അദ്ധ്യായത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു

## 6.1. പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

ഭൂവുടമ പദ്ധതിപ്രദേശത്ത് വീട് നിർമ്മിക്കുവാൻ ഉദ്ദേശിച്ചിരുന്നു. നിലവിൽ പദ്ധതി പ്രദേശം നിർമ്മിതികളില്ലാത്ത ഒഴിഞ്ഞ സ്ഥലമാണ്.. പദ്ധതിപ്രദേശത്ത് ജനവാസമില്ലെങ്കിലും, ജനവാസ സ്ഥലങ്ങളോട് ചേർന്നാണ് ടി സ്ഥലം സ്ഥിതി ചെയ്യുന്നത്.

## 6.2. വരുമാനവും ദാരിദ്ര്യതലവും

പദ്ധതി മൂലം ഭൂമി നഷ്ടമാകുന്ന 81, 82 സർവ്വെ നമ്പരുകളിലുള്ള ഭൂമിയുടെ ഉടമകളിൽ, 82 സർവ്വെ നമ്പരിലുള്ള ഒരു ഭൂവുടമയുടെ കുടുംബത്തെ മാത്രമാണ് പഠന സംഘത്തിന് കണ്ടെത്താൻ സാധിച്ചത്. അദ്ദേഹവും കുടുംബവും നീണ്ട നാളത്തെ പ്രവാസ ജീവിതത്തിന് ശേഷം നാട്ടിൽ സ്ഥിര താമസമാക്കുകയാണ്. അതിന് വേണ്ടി വീട് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയാണ് ഇപ്പോൾ പദ്ധതിക്കായി ഏറ്റെടുക്കുന്നത്. പൊതുവിതരണ സമ്പ്രദായമനുസരിച്ച് ടി കുടുംബത്തിന് വെള്ള നിറത്തിലുള്ള റേഷൻ കാർഡാണ് ലഭിച്ചിട്ടുള്ളത്.

## 6.3. ദുർബല ജനവിഭാഗം

ഭൂവുടമയുടെ കുടുംബത്തിൽ ദുർബലജനവിഭാഗത്തിൽ ഉൾപ്പെട്ടവർ ഇല്ല.

## 6.4. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

നിർദ്ദിഷ്ട ഭൂമി ഉടമ നിലവിൽ കൈവശ ഭൂമിയായി മാത്രം ഉപയോഗിക്കുന്നു.

## 6.5. പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

പ്രദേശത്ത് സാമ്പത്തിക പ്രവർത്തനങ്ങൾ നടക്കുന്നില്ല

